
ദുരന്തം ഇൻ ഫ്രെയിം



കെ.ടി. ഹംസ

അറബിക് വിഭാഗം

# ദുരന്തം: ഇൻഎക്സ്പീരിയൻസ്

കേരളം വിറങ്ങലിച്ചുനിന്നു, മഴയിൽ കുതിർന്ന ഒരു കറുത്ത വെള്ളിയാഴ്ച. 2001 ജൂൺ 22. വൈകുന്നേരം 4.50ന് ഫറോഖിലെത്തുന്ന മദ്രാസ് മെയിലിൽ കയറാൻ മൂന്നര മണിക്ക് തന്നെ കോളേജിൽ നിന്നിറങ്ങി.

ചായ കുടിച്ച് കൊണ്ടിരിക്കെ തലശ്ശേരിയിലിറങ്ങി കല്ലിക്കണ്ടിലേക്ക് പോകേണ്ട കുഞ്ഞിമുഹമ്മദ് സാറിനെ കിട്ടി. പരുശുറാം എക്സ്പ്രസ്സിൽ സ്ഥിരം മൂന്നര മണിക്ക് മടങ്ങിപ്പോകാറുള്ള അദ്ദേഹത്തിന് അന്ന് അതിൽ കയറാൻ പറ്റാത്തതിലുള്ള നിരാശ മുഖത്ത് പ്രകടമായിരുന്നു.

മണിമുട്ടിയ റയിൽവെ ജീവനക്കാരൻ ഒരു ചോക്കയുമായി വൈകി ഓടുന്ന വണ്ടികളുടെ സമയം വിവരം അറിയിക്കുന്ന ബോർഡിൽ എന്തോ എഴുതുന്നു. പോയി നോക്കാം ഞാൻ കുഞ്ഞിമുഹമ്മദ് സാറിനോട് പറഞ്ഞു. 4.50ന്ന് എത്തിച്ചേരേണ്ട മെയിൽ ലേറ്റാകുമോ? എങ്കിൽ ഞാൻ വീട്ടിലെത്താൻ വൈകും. വൈകായാൽ നിർബ്ബന്ധമായും പങ്കെടുക്കേണ്ട ഒരു മീറ്റിങ്ങിലെത്താൻ കഴിയുകയില്ല. ഏഴു മണിക്ക് വീട്ടിലെത്താൻ രണ്ടാളുകളോട് പറഞ്ഞിരുന്നു. അവരും എന്നെ പഴിക്കും. ബോർഡിൽ എഴുതിയത് ബോഗികളുടെ പൊസിഷനാണ്. പേടിക്കാനില്ല. ഇന്ന് ജനറൽ കമ്പാർട്ടുമെന്റുകൾ രണ്ടണ്ണം മുന്നിലും മൂന്നണ്ണം പിന്നിലുമുണ്ട്.19 ബോഗികളുമായി മംഗലാപുരത്ത് നിന്ന് മദ്രാസ്സിലേക്ക് മെയിൻ ഉച്ചക്ക് ശേഷമുള്ള സ്ഥിരമായ യാത്രക്കാരുടെ ഏക ആശ്രയമാണ്. ജനറൽ കമ്പാർട്ടുമെന്റുകൾയാത്രക്കാരെ ഉൾക്കൊള്ളാനാവാതെ പുറത്തേക്ക് തള്ളുമ്പോൾ നിത്യയാത്രക്കാരായ ഞങ്ങൾ റിസർവേഷൻ കമ്പാർട്ടുമെന്റ്കളിൽ ഓരം പറ്റി നില്ക്കും. ജനറൽ കമ്പാർട്ട്മെന്റുകൾ മൂന്നണ്ണമില്ലേ-പിന്നിൽ; അതിലേതങ്കിലുമൊന്നിൽ കയറാം. അന്ന് എന്റെ മനസ്സിൽ തോന്നിയത് അതാണ്. കൂടാതെ സീസൺ ടിക്കറ്റുകാർ ഏറ്റവുമധികം ഭയപ്പെടുന്ന 'സക്വാഡ്' ഉണ്ടോ എന്നൊരു സംശയവും.

അങ്ങിനെയാണ് പിന്നിലെജനറൽ കമ്പാർട്ടുമെന്റുകളിലൊന്നായ 16-മത്തെ ബോഗിയിൽ കയറിപ്പറ്റിയത്. സീറ്റ് ഉണ്ടോ എന്ന അന്വേഷണത്തോടെ അല്പം മുന്നോട്ടു നടന്നു. കൊറിയർ സർവ്വീസുകാരുടെ തിരക്കും ബഹളവും. അവർ ശീട്ടുകളികൂടി ആരംഭിച്ചതോടെ കുറച്ചുകൂടി മുന്നോട്ട് നീങ്ങാൻ നിർബ്ബന്ധിതനായി. തോളിലിരിക്കുന്ന ബാഗ് ലഗേജ് കാരിയറിൽ വെച്ച് ബോഗിയുടെ മദ്ധ്യത്തിലുള്ള ഇടനാഴികയിൽ ചാരി നിന്നു. ഇവിടെ നില്ക്കാം. തിരക്കില്ല. സാധാരണ ഇടനാഴിക പിടിച്ചടക്കാറുള്ള യാചകരുടെ ശല്യവുമില്ല.

സമയം : 5.20

വണ്ടി ആരോ പിടിച്ചു വലിക്കുന്ന പോലെ..... വല്ലാത്ത വിറയൽ............ പിന്നെ കുലുക്കം........ ട്രെയിൻ ആടി ഉലയുന്നു........ ഈ വണ്ടിക്ക് കാര്യമായി എന്തോ സംഭവിച്ചിരിക്കുന്നതായി മനസ്സ് മന്ത്രിച്ചു. ചാരി നില്ക്കുകയായിരുന്ന ഞാൻ രണ്ടു കൈകൾകൊണ്ടും ലഗേജ് കാരിയറിന്റെ കമ്പിയിൽ

മുറുക്കി പിടിച്ചു. ഘോരശബ്ദം..... എല്ലാം കൂടി കൂട്ടി മുട്ടി പൊട്ടിത്തകരുന്ന ഘോര ശബ്ദം.....

കടലുണ്ടി പലത്തിന്റെ മുകളിൽ നിന്ന് ഞാൻ സഞ്ചരുച്ചിരുന്ന ബോഗി താഴേക്ക് നിലം പതിച്ചിരിക്കുന്നു. മുകളിൽ നിന്ന് ഒരു പൊട്ടിപൊളിഞ്ഞ് വീഴുന്ന് ശബ്ദം. ബോഗിയുടെ മുകളിൽ നിന്ന് ഒരു കമ്പി പൊളിഞ്ഞി എന്റെ നേരെ വരുന്നത് ഞാൻ കണ്ടു. ഞാനല്പം തെന്നിമാറിയതിനാൽ രക്ഷപ്പെട്ടു. ബോഗികളിൽ നിന്ന് കൂട്ട നിലവിളി. ബോഗിക്കടിയിലൂടെ പുഴയിലെ വെള്ളം അടിച്ചു കയറുന്നു. ഞാൻ നിന്നിരുന്ന ഇടനാഴിക്ക് അരികിലുള്ള വാടിൽ പടിയിലേക്ക് നോക്കി. നേരത്തെ അവിടെ ഇരുന്നിരുന്ന രണ്ട് പേരെ കാണാനില്ല. തെറിച്ച് വീണിരിക്കാം. ഞാൻ പതുക്കെ ഇഴഞ്ഞ് നീങ്ങി വാതിൽ കമ്പിയിൽ പിടിച്ച് എഴുന്നേറ്റു.

ഞാൻ എവിടെയാണ്? മുകളിൽ ആകാശം. ദൂരെ ഇരമ്പുന്ന കടൽ.

തലങ്ങും വിലങ്ങും മറിഞ്ഞ് വീണ ബോഗികളിൽ നിന്ന് കൂട്ട നിലവിളി. ഇടിയുടെ ആഘാതത്തിൽ ഞെരിഞ്ഞമർന്ന സീറ്റുകൾക്കിടയിൽ നിന്ന് വേദനയുടെ രോദനം. താഴെ കാൽമുട്ട് വരെ വെള്ളം കയറികൊണ്ടിരിക്കുന്നു.

ഒഴുകുന്ന വെള്ളത്തിലേക്ക് ചാടിയാൽ രക്ഷപ്പെടുമോ ? ഒരു നിമിഷം പകച്ച് നിന്നു. കഴിഞ്ഞ 20 വർഷമായി കടലുണ്ടി പുഴക്ക് മുകളിലൂടെ കടലിലേക്ക് നോക്കി ട്രയിൻ യാത്ര നടത്തുന്ന ഞാൻ പുഴയുടെ ആഴത്തെപ്പറ്റിയോ ഒഴുക്കിനെക്കുറിച്ചോ ഇത് വരേ ചിന്തിച്ചിട്ടില്ല.

ബോഗിക്കടിയിലൂടെ വെള്ളം മേലോട്ടുയരുകയാണ്. മരണ വെപ്രാളത്തിൽ ആളുകൾ പുറത്തേക്ക് ചാടാൻ വെമ്പൽ കൊള്ളുകയാണ്, ബോഗിക്ക് മുകളിൽ കയറി രക്ഷപ്പെടാൻ ചിലർ ശ്രമിക്കുന്നു. തന്റെ ലഗേജുകളെടുത്ത് പുഴയിലേക്കെറിയുന്ന മറ്റുചിലർ. ഞാൻ പിടിച്ചുതൂങ്ങി നില്ക്കുന്ന കമ്പിയിൽ ചവിട്ടി ചിലർ ബോഗിക്ക് മുകളിൽ കയറി. കുറേ മത്സ്യത്തൊഴിലാളികൾ മറിഞ്ഞുകിടക്കുന്ന ബോഗികൾക്കടുത്തേക്ക് അവരുടെ തോണികൾ തുഴഞ്ഞടുക്കുന്നുണ്ട് പ്രതീക്ഷയുടെ ആദ്യകിരണങ്ങൾ.......

വാതിൽ കമ്പിയിലും ബോഗിക്ക് പുറത്തെ ജനൽ കമ്പിയിലുമായി തൂങ്ങി നില്ക്കുന്ന ഞാൻ അപ്പോഴും പകച്ചു നില്ക്കുകയാണ്. വെള്ളിത്തിലും ചെളിയിലുമായി ചെരിഞ്ഞുകിടത്തുങ്ങിക്കിടക്കുന്ന ബോഗി ഞങ്ങളുടെ തലക്കുമുകളിൽ പതിക്കുമോ? ജീവിതത്തിനും മരണത്തിനുമിടയിൽ ഒരു തല നാരിഴ വ്യത്യാസം:

ദൂരെ നിന്ന് തോണിക്കാർ തുഴഞ്ഞ് അടുത്തെത്തി ഒരു കൈയിൽ എന്റെ ശരീരം മുഴുവൻ തൂക്കി കാലുകൊണ്ട് തോണിയെ അടുപ്പിച്ച് ഊർന്ന് തോണിയിലേക്കിറങ്ങി- വാതിലിൽ കൂടിചാടാൻ തിരക്ക് കൂട്ടിയിരുന്ന കുറേ സ്ത്രീകളെയും പുരുഷന്മാരെയും കൈപിടിച്ച് തോണിയിൽ കയറ്റി. ഒരാൾ തോണിയുടെ സൈഡിൽ ഇരിക്കാൻ ശ്രമിച്ചു. തോണി മറിയാൻ തുടങ്ങി. എല്ലാവരും കൂടി ശബ്ദുമുണ്ടാക്കിയപ്പോൾ അയാളെ ഞാൻ തോണിയുടെ നടുവിൽ ഇരുത്തി. തോണി നിറയാനായി. ''തോണിക്കാരൻ പറഞ്ഞു ഇവരെ കരയിൽ എത്തിച്ച് ഉടനെ വരാം; നിങ്ങൾയെല്ലാവരെയും ഞാൻ രക്ഷപ്പെടുത്തും പേടിക്കേണ്ട''.

കടലുണ്ടപ്പുഴയിലൂടെ പടിഞ്ഞാറെകരയിലേക്ക്........... : മരണത്തിൽ നിന്ന് ജീവിതത്തിലേക്ക്..... തിരിഞ്ഞനോക്കുമ്പോൾ കൂപ്പുകുത്തിക്കിടക്കുന്ന കുറെ ബോഗികൾ കുറെ ബോഗികൾ; തകർന്ന കിടക്കുന് കടലുണ്ടിപ്പാലത്തിന്റെ ഗർഡറുകൾ...... അതിന്റെ അകത്തളങ്ങളിൽ കൂട്ടുകാരായപലരും മരണവുമായി മല്ലടിക്കുന്നുണ്ടാവുമല്ലോ എന്നോർത്ത് കണ്ണീർ വാർത്തുകൊണ്ടേയിരുന്നു. കരയിൽ കയറി മറുഭാഗത്തേക്ക് നോക്കിയപ്പോൾ പാലത്തിന് തഴെ കമ്പാർട്ടുമെന്റുകൾ ചെളിയിൽ പൂണ്ട് കുത്തിനില്ക്കുകയാണ്. ഒടിഞ്ഞുതൂങ്ങികിടക്കുന്ന കമ്പാർട്ടുമെന്റുകളിൽ നിന്ന് ചോരയൊഴുകുന്ന കൈകൾ ഉയർത്തിയാത്രക്കാർ ആർത്തു കരയുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും കൂട്ടക്കരച്ചിലിനിടിയിൽ കനത്തമഴ!!.

വാർത്ത കാട്ടുതീപോലെ പടർന്നു. മനുഷ്യമക്കൾ എല്ലാ ഭിന്നതയും മറന്ന് ഓടികൂടി. അവർക്ക് ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. കഴിയുന്നത്ര മനുഷ്യജീവൻ രക്ഷിക്കുക. പരിക്കേറ്റവർക്ക് എത്രയും വേഗം വൈദ്യ സഹായം ലഭ്യമാക്കുക. അപകട സ്ഥലത്തിനടത്തുള്ള മസ്ജിദിൽ നിന്നും അപകടത്തിൽ പെട്ടവരെ സഹായിക്കുന്നതിന് എത്തിച്ചേരാൻ ഉച്ചഭാഷിണിയിലൂടെ അറിയിപ്പു നല്കി. ജീവൻ പണയപ്പെടുത്തി അവർ കോരിച്ചൊരിയുന്ന മഴയത്ത് പുഴയിലേക്കിറങ്ങി. പരിക്കേറ്റവരെ ബോഗികളിൽ നിന്ന് പുറത്തെടുത്ത് ആസ്പത്രികളിൽ എത്തിച്ചു. നൂറ് കണക്കിന് ഡ്രൈവർമാർ തങ്ങളുടെ വാഹനങ്ങളുമായി ഓടിയെത്തി.

മനുഷ്യമക്കൾ മരിച്ചുകിടക്കുന്നതും മരിച്ചുകൊണ്ടിരിക്കുന്നതുമായ രംഗം കണ്ടുനില്ക്കാൻ എനിക്ക് കഴിഞ്ഞില്ല. ശരീരമാകെ തളരുന്നത് പോലെ പരിസരവാസികളായ സ്ത്രീകൾ ബക്കറ്റിൽ കുടിക്കാൻ വെള്ളുമായി ഓടിവരുന്നത് കണ്ടു. ഒരു കപ്പ് വെള്ളം കുടിച്ച് കടലുണ്ടിയിൽ പുതുതായി നിർമിക്കുന്ന പാലം പണിക്ക് വേണ്ടി താല്ക്കാലികമായി നിർമിച്ച ഓലഷെഡ്ഡിൽ കയറി ഒരു മൂലയിൽ ചരിയിരുന്നു. പുറത്ത് മഴയാണെങ്കിലും നെറ്റിയിൽ നിന്ന് വിയർപ്പ് പൊടിയുണ്ടായിരുന്നു.

അല്പ സമയം കൂടി വിശ്രിച്ചു. മഴ അല്പം മാറി നിന്നതായി തോന്നി. പുറത്തിറങ്ങി പതുക്കെ നടന്നു. എവിടെയെങ്കിലും തളർന്ന് വീഴുമോ? അല്പം മുന്നോട് പോയി ഏതെങ്കിലും വീട്ടിൽ കയറി വിശ്രമിക്കാം........

ദൂരെ നിന്ന് ദുരന്ത ശബ്ദം കേട്ട് ഓടി വരുന്ന ആളുകളുടെ കൂട്ടത്തിൽ മുഖപരിചയമുള്ള ഒരാൾ വരുന്നതായി തോന്നു. അതെ.................. ഫസ്ലുർറഹ്മാൻ തന്നെ...... കഴിഞ്ഞ വർഷം പി.ജി. കഴിഞ്ഞ ഫാറൂഖ് കോളേജ്ജിലെ എന്റെ വിദ്യാർത്ഥി......... എന്റെ മുഖവും വേഷവും കണ്ടപ്പോൾ അവൻ എന്റെ കൈപിടിച്ച് ''സർ, നമുക്ക് വീട്ടിൽ പോകാം''. ഞാൻ ഒന്നരകീലോമീറ്റർ അകലെയുള്ള അവന്റെ വീട്ടിലേക്ക് നടന്നു. മുഖവും കൈകാലുകളും കഴുകി അല്പനേരം വിശ്രമിച്ചു.

''വീട്ടിൽ ഉടനെ വിവരമറിയിക്കണം'' ഞാൻ ഫസ്ലുർ റഹ്മാനോട് പറഞ്ഞു. അവന്റെ വീട്ടിലെ ഫോണിലൂടെ ഞാൻ സഹധർമ്മിണിയെ വിളിച്ചു. ഗദ്ഗദത്തോടെ അവർ സംസാരിക്കാൻ തുടങ്ങി. എന്റെ സഹോദരന്മാരും കൂട്ടുകാരും വിവരം തിരക്കി അപ്പോഴേക്കും കുറ്റിപ്പുറം റെയിൽവെ സ്റ്റേഷനിലേക്ക് പുറപ്പെട്ടു കഴിഞ്ഞിരിന്നു. അവിടെ നിന്ന് കടലുണ്ടിയിലേക്ക് പോകാനുള്ള തയ്യാറെടുപ്പിനിടയിൽ വീട്ടിൽ വല്ല വിവരവുണ്ടോ എന്ന് ഫോൺ മുഖേന ബന്ധപ്പെട്ടുപ്പോഴേക്കും എന്റെ ഫോൺ എത്തിയത് തെല്ലരാശ്വാസമായി. രാത്രി 10 മണിക്ക് മുമ്പ് വീട്ടിലെത്തുമ്പോൾ വീട്ടുകാരും നാട്ടുകാരുമായ ഒട്ടറെ പേർ കാത്തു നില്ക്കുകയായിരുന്നു. നടന്ന കാര്യങ്ങൾ മുഴുവനും അവരോട് വിശദീകരിച്ചു. ഫോണിലൂടെ സ്വദേശത്ത് നിന്നും വിദേശത്ത് നിന്നും രാത്ര 12 മണി വരെയും അന്വേഷണം വന്നു കൊണ്ടേയിരുന്ന. എല്ലാവരോടും ഒരേസ്വരത്തിൽ മറുപടി പറഞ്ഞു. ''എനിക്ക് ഒന്നും പറ്റിയിട്ടില്ല; അല്ലാഹു നിശ്ചയിച്ച അവധി എത്തിയിട്ടില്ല; അതിനാൽ മാത്രമാണ ഞാൻ രക്ഷപ്പെട്ടത്.

ഫറോക്ക് റെയിൽവെസ്റ്റേഷനിലെ ബഞ്ചുകളിരുന്ന് വൈകുന്നേരങ്ങളെ ധന്യമാക്കിയിരുന്ന നിത്യയാത്രക്കാരും കൂട്ടുകാരുമായ ആത്മസുഹൃത്തുക്കൾ ഈ മഹാ ദുരന്തത്തിൽ ദൈവത്തിങ്കലേക്ക് യാത്രയായി. ചാലിയം യു.പി. സ്ക്കൂൾ അറബി അദ്ധ്യാപകനും കുറ്റിപ്പുറം തവനൂർ സ്വദേശിയുമായ സെയ്തലവി മാസ്റ്റർ, തിരൂർ പരിയാപുരം സ്വദേശിയും ചേലേമ്പ്രയുറോസ്പിൻ ഇന്റസ്ട്രീസ് ജീവനക്കാരനുമായ കെ. മുഹമ്മദ്, താനൂർ സ്വദേശിയും ഫറോക്ക് ഇന്ത്യൻ ഓയിൽ കോർപറേഷനിലെ അക്കൗൻഡ്സ് ജീവനക്കാരനായ തിരുർ പരിയാപുരം സ്വദേശി എൻ.കെ ജയൻ, യു.ഡി ക്ലാർക്കായി ഫറോക്കിൽ ജോലി ചെയ്യുന്ന ബാബുരാജ്........

എത്രയോ പേർ....... ദുരന്തത്തെക്കുറിച്ച് ഓർക്കാൻ ബാക്കിയായവരിലൊരാളായി ഞാനും.


# ദുരന്തം: ഇൻ ഫ്രെയിം



ചിത്രങ്ങൾ
അജീബ് കൊമാച്ചി.

വരികൾ
സലീം അരൂർ.

ഇവിടെയിതൊരു തുടർക്കഥ മാത്രം
നാം പ്രവർത്തിക്കുമ്പോൾ ഉടയത്തമ്പുരാൻ
വിധിക്കുന്നു
ഗുജറാത്തിൽ നമുക്ക് വിധിയെ പഴിചാരാം
നാം തന്നെ നമുക്ക് വിധിക്കുന്നതോ
പൂക്കിപ്പറമ്പ് - കടലുണ്ടികൾ
എപ്പിസോഡുകളാവുമ്പോൾ
നാം കണ്ടറിഞ്ഞേ മതിയാവൂ-
അതോ ഇനിയും കൊണ്ടറിയേണ്ടതുണ്ടോ?



ഇതായിരുന്നു സ്വപ്നങ്ങളുടെ മേൽക്കൂര
ഇവിടെയായിരുന്നു ഹൃദയ തുടിപ്പുകളുടെ
അണിയറ
എല്ലാം കൈക്കുമ്പിളിലാക്കി വിധി
പോവുമ്പോൾ സ്വപ്നങ്ങൾ മാത്രം
കൊണ്ടോവാത്തതെന്തേ?

ദുരന്തം: ഇൻ ഫ്രെയിം







ആർക്ക് വേണ്ടിയായിരുന്നു?
എന്തിന് വേണ്ടി? എവിടേക്ക് വേണ്ടി?
ഇന്നിവിടെ സമ്പാദ്യം
ഉത്തരം തേടുന്ന ചോദ്യങ്ങൾ മാത്രം



നാളെകൾ ഇന്നലെകളാവുമ്പോൾ
ഈ ചവിട്ടികൾക്ക് പറയാൻ
കദനകഥകൾ.
ഓർമ്മകളുടെ ഭാണ്ഡങ്ങൾ
ഈ പിഞ്ചുങ്ങൾക്കൊരു നിക്ഷേപമിത്.




കർമ്മങ്ങളുടെ സമ്മാനമത്രേ
ഈ ദുരന്തം
ശരിയാവാം, മറിച്ചാവാം
ഈ 'പാപപങ്കിലമായ'
യാത്രയവസാനിക്കാത്തപ്പോൾ
ഇനിയുമിതൊക്കെ പ്രതീക്ഷിക്കണമെല്ലേ.!






ദുരന്തത്തിന്റെ നൃത്തം
ആരുടെ കൈപിഴകൾ
ഇവിടെ പിഴച്ചതാർക്ക്?
കാൽചുവട്ടിലെ  മണ്ണ് നീങ്ങുമ്പോൾ
വാനത്തിലുള്ളത് പിടിക്കാൻ
വെമ്പുന്ന നമുക്ക് തന്നെ



വിശപ്പിനെ ഭക്ഷിക്കാതൊക്കു മോ
ദാഹത്തെ കുടിക്കാതൊക്കുമോ
ദുരന്തത്തെയൊരു ദുരന്തം ബാധിച്ചാൽ
രക്ഷപ്പെടുന്നത് ദുരന്തപാത്രങ്ങൾ



ആദർശങ്ങൾക്കാണോ പിഴച്ചത്
ആശയങ്ങൾ ഉയരുന്നതിവിടെ
ആദർശങ്ങൾ വസ്ത്രങ്ങളാവുമ്പോൾ
കണ്ണുനീർ കുടിനീരാവുമ്പോൾ
അപരന്റെ, ദു:ഖത്തിലേക്ക്
നമുക്ക് കൈമാറാനുണ്ടായിരുന്നത്
ഈ എച്ചിലുകൾ മാത്രം




പാതി ബാക്കി വെച്ചവർ പറയുന്നതെന്ത്?
ശിഷ്ടങ്ങൾ ഗണിതച്ചെടുക്കാനാവും
പെരുപ്പിച്ച ഗുണനങ്ങളിൽ നിന്ന്
ശിഷ്ടങ്ങൾ കോരാൻ ബാക്കിവെച്ച
കുമ്പിളെവിടെ?




മാളിക മുകളിൽ  കയറുന്ന മന്നന്റെ
തോളിൽ മാറാപ്പ് കയറുമ്പോൾ
ഇയാൾക്ക് നഷ്ടപ്പെടാനൊന്നുമില്ല
അല്ലെങ്കിലും നിലത്തിരിക്കുന്നവനെ
താഴ്ത്താനൊക്കുമോ?

**ദുരന്തം: ഇൻ ഫ്രെയിം**










പക്ഷികൾ ചിറകറ്റ് വീഴുമ്പോൾ
കാറ്റിനെയാണോ പഴിക്കേണ്ടത്
ഇവിടെയുയർന്ന രോദനങ്ങൾക്ക്
വിധുയുടെ കൈപിഴയെന്ന്
പഴിച്ച് രക്ഷപ്പെടാനാക്കുമോ

ഇവരാണിവിടെ മാലാഖമാർ
സ്നേഹ നദി വറ്റിയിട്ടില്ല.
കാരുണ്യതുമ്പികൾ തുള്ളുന്നു
ഒപ്പം
ആശ്വസിക്കുകയുമാവാം






നാവികൻ സഞ്ചാരിയും
സഞ്ചാരി നാവികനുമാണിവിടെ
കണ്ണീർ പുഴയിൽ നിന്നും
ആശ്വാസത്തിന്റെ തെളിനീരുവിടെ
വേറിട്ടു കാണാം.



കൊട്ടാരങ്ങൾ കൂരകളാവുമ്പോൾ
പുതുനാമ്പുകൾ ഉയരുന്നമ്പോൾ
നമുക്കുനി തേടാം
പുതിയ സമവാക്യങ്ങൾ



ചരിത്രങ്ങളുടെ കലവറ ചരിത്രമെഴുതുമ്പോൾ
ചരിത്രമിവിടെ ആവർത്തിക്കുമ്പോൾ
ഏല്ലാം ചരിത്രത്തിന് വിട്ട് കൊടുത്ത്
നമുക്കുമൊരു ചരിത്രമാവാം



ഭൂകമ്പത്തിന്റെ ബാക്കി പത്രം
പ്രതീക്ഷയുടെ ബാക്കി പത്രം
ഇവിരിവിടെ കിന്നരിക്കമ്പോൾ ഇവരിവിടെ കരയുമ്പോൾ
ഇതാണിവിടെ നാളയുടെ തുടിപ്പുകൾ




കുബേരനും കുചേലനും അഭയാർത്ഥികൾ
തെക്ക് വേണോ വടക്ക് വേണോ?

വി. സൂപ്പി



*അറബിക് വിഭാഗം*

# തിരകളിൽ നീരാളി



മൃത്യുവിൻ മടിയിലൊരിത്തിരി നേരം ഞാൻ
പിന്നെ പുനർജ്ജന്മം വന്നു പുലർന്നപോൽ !
കൂട്ടിയിടിച്ചങ്ങു പൊട്ടിത്തകരുന്ന
വണ്ടി തൻ ഘർഷണരോദനം തന്നിലായ്,
അട്ടഹാസങ്ങളായ് മൃത്യു ചിരിക്കുന്നു.
കണ്ടുഞാൻ മൃത്യുവിൻ ഭീകര രൂപങ്ങൾ
വേലിയിൽ തിരകളിൽ നീരാളിയായ് പിന്നെ
ചുറ്റിപ്പിടിച്ചെന്റെ കാലുകൾ രണ്ടിലും.
വെള്ളത്തിൽ നീന്തിപ്പിടിക്കുന്നു നീരാളി കണ്ടോരെ
കൊല്ലുന്നു കീറിമുറിക്കുന്നു ക്രൂരമായ്.
അൻപത്തിരണ്ടുപേർ അൻപത്തിരണ്ടായി
രത്തിലധികമായ് സ്വപ്നമായ് തീർന്നവർ
ഇല്ല പിരിയില്ലൊരിക്കലും നമ്മളെ
വേർപിരിക്കാനോ നീയതി തുനിയില്ല
ദിവ്യാനുരാഗചുമരിൽ കൊരുത്തതാം
മുത്തുമണികളും പിന്നിച്ചിതറിപ്പോയ്
പൊട്ടിത്തകർന്നു കിനാവിന്റെ വീണകൾ
രാഗം നിലച്ചുവടായ് സ്വപ്നമീ ജീവിതം
'വേർപ്പെട്ട കൈവിരൽ പൊന്തിവരുന്നതും
കാലുകൾ തിരകളിലൊഴുകി യെത്തുന്നതും
മാലാഖമാരോ പറന്നെത്തി വിണ്ണിൽ നി-
ന്നൊത്തിരി മർത്ത്യകരങ്ങളായ് മന്നിതിൽ
മൃത്യുവെ ബന്ധനം ചെയ്തവർ സത്വരം
മുങ്ങിയെടുത്തല്ലോ ജീവന്റെയംശങ്ങൾ
ജാടയേശാത്ത നിരക്ഷരുണ്ടതിൽ
രക്ഷകർ ജീവൻ ത്യജിക്കാൻ കൊതിച്ചവർ
മണ്ണിന്റെ തനിമ തെളിയിച്ചു ത്യാഗികൾ
ആഴിതൻ തീരത്തു കവിതരചിച്ചവർ
സ്വത്വങ്ങൾ തീർത്ത മതിലുകൾക്കിപ്പുറം
കൈകുമ്പിളിൽ ലോകം ചേർത്തുപിടിച്ചുകൊ-
ണ്ടുപഭോഗ തൃഷ്ണതൻ യന്ത്രങ്ങളായ് തീർന്നവർ
നമ്മൾ തൻ വാക്കിലോ നന്ദിതെളിയില്ല.
നമ്രശിരസ്സാലെ കൈകൂപ്പി നിന്നിടാം.
എന്തിനീ ധാർഷ്ട്യപ്പെരുമ നിനക്കുകിൽ
നാളെ വരുന്നോരതിഥി മുമ്പിലായ്
കാണിക്കവെച്ചിടം നമോഹാരങ്ങൾ
ധന്യമായ് തീരുമീജ്ജീവിതം സായൂജ്യം......

*കടലുണ്ടി തീവണ്ടിയപകടത്തിൽപെട്ട് രക്ഷപ്പെട്ട യാത്രക്കാരന്റെ ഓർമ്മ*